# ഇസ്‌ലാമിലെ ആഘോഷങ്ങൾ

ഇന്ന് നിലവിലുള്ളതും കഴിഞ്ഞുപോയതുമായ ഏതാണ്ടെല്ലാ ബഹുദൈവ മതങ്ങളിലും രാഷ്ട്രീയ സാംസ്കാരിക സംഘടനകളിലും അവരിലെ മഹാന്മാരുടെ ജന്മദിനം ആഘോഷമായി കൊണ്ടാടപ്പെടാറുണ്ട്. എന്നാൽ ഇസ്‌ലാമാകട്ടെ അത്തരം എല്ലാ ആഘോഷങ്ങളെയും നിഷിദ്ധമാക്കുകയും നിരുൽസാഹപ്പെടുത്തുകയുമാണ് ചെയ്യുന്നത്. എന്നാൽ മുസ്‌ലിംകൾക്ക് മതപരമായി ആഘോഷിക്കുവാനും ആഹ്ലാദിക്കുവാനുംവേണ്ടി രണ്ടാഘോഷങ്ങൾ പകരം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈദുൽ ഫിത്വ്റും(ചെറിയ പെരുന്നാൾ) ഈദുൽ അള്ഹയു(ബലിപെരുന്നാളു)മാണ് പ്രസ്തുത രണ്ടാഘോഷ സുദിനങ്ങൾ. ഈ രണ്ട് ആഘോഷങ്ങളാവട്ടെ, എല്ലാ മതങ്ങളുടെയും ആഘോഷങ്ങളിൽനിന്ന് വ്യത്യസ്തവുമാണ്. ഈദുൽ ഫിത്വ്ർ റമദാൻ മാസത്തിനു സമാപനം കുറിച്ചുകൊണ്ട് കടന്നുവരുമ്പോൾ, ബലിപെരുന്നാൾ ഹജ്ജ് ദിനങ്ങളുടെ മഹത്വം അറിയിച്ചുകൊണ്ടും ഇബ്രാഹീം നബി(അ)യുടെ ത്യാഗത്തെ ഓർമിപ്പിച്ചുകൊണ്ടുമാണ് കടന്നുവരുന്നത്. മനുഷ്യനിലെ ഭൗതികതയെ തളർത്തുകയും ആത്മീയതയെ വളർത്തുകയും ചെയ്യുക എന്നതാണ് ഇസ്‌ലാമിലെ മേൽ രണ്ട് ആഘോഷങ്ങളുടെ അടിസ്ഥാന ലക്ഷ്യം തന്നെ. പ്രസിദ്ധ സ്വഹാബിയായ അനസ്(റ) പറയുന്നു:

**(അബൂദാവൂദ്, ഹദീസ് നമ്പർ: 1134)**



٢٤٥ ـ باب صلاة العيدين

١١٣٤ ـ (صحيح) حدثنا موسى بن إسماعيل، حدثنا حماد، عن حُميد، عن أنس قال: قدم رسول الله ﷺ المدينةَ، ولهم يومانِ يلعبون فيهما، فقال: «ما هذانِ اليومانِ؟» قالوا: كنا نلعب فيهما في الجاهلية، فقال رسول الله ﷺ: «إن الله قد أبدلكُم بهما خيراً منهما: يومَ الأضحى، ويومَ الفِطْر».

“നബി(ﷺ) മദീനയിൽ വന്നു. (അപ്പോൾ) അവർക്ക് രണ്ട് വിനോദനാളുകളുണ്ടായിരുന്നു. നബി(ﷺ) ചോദിച്ചു: ഈ രണ്ട് ദിനങ്ങളുടെ പ്രാധാന്യമെന്താണ്? അവർ പറഞ്ഞു: ജാഹിലിയ്യാ (ഇസ്‌ലാമിനു മുമ്പ്) കാലത്ത് ഞങ്ങൾ ആ ദിനങ്ങളിൽ വിനോദിക്കുമായിരുന്നു. അപ്പോൾ റസൂൽ(ﷺ) പറഞ്ഞു: ആ രണ്ട് ദിവസങ്ങൾക്കു പകരം അല്ലാഹു നിങ്ങൾക്ക് മറ്റു രണ്ട് ദിവസങ്ങൾ നിശ്ചയിച്ചുതന്നിരിക്കുന്നു. അള്ഹാ

(ബലിപെരുന്നാൾ), ഫിത്വ്ർ (ചെറിയ പെരുന്നാൾ) ദിവസങ്ങളാണത്." *(അബൂദാവൂദ്. ഹദീസ് നമ്പർ: 1134)*

ഇസ്‌ലാമിലെ ആഘോഷങ്ങൾ കൃത്യവും വ്യക്തവുമാണെന്നർത്ഥം. എന്നാൽ നബിദിനാഘോഷം മതത്തിൽ കടത്തിക്കൂട്ടിയവർ പറയുന്നത് നബിദിനമാണ് രണ്ട് പെരുന്നാളുകളേക്കാൾ വലിയ ആഘോഷവും പുണ്യദിനവുമെന്നാണ്. അവരുടെ വരികൾ നോക്കൂ: "നബിദിനം മുസ്‌ലിംകൾക്ക് ആഘോഷമാണ്. പെരുന്നാളിനേക്കാൾ വലിയ ആഘോഷം. സർവ ലോകത്തിന്റെയും വിമോചകനായ നബി പിറന്ന നാളിൽ വിശ്വാസികൾ സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നെ അവർക്ക് മറ്റേത് ആഘോഷമാണുള്ളത്?" *(രിസാല. 1987. നവംബർ. പേജ്: 9)* "മുസ്‌ലിംകൾക്ക് മുഹമ്മദ് നബി(സ)യുടെ ജന്മദിനത്തേക്കാൾ ആനന്ദദായകമായ മറ്റൊരാഘോഷവുമില്ല." *(സിറാജ് ദിനപത്രം. 1994 ആഗസ്ത് 20 ശനി)*

നോക്കൂ, എന്തൊരു ധിക്കാരമാണീപറയുന്നത്! അല്ലാഹുവും റസൂലും മതപരമായി നിർണയിച്ചുതന്ന രണ്ട് പെരുന്നാളുകളേക്കാൾ വലിയ ആഘോഷമാണത്രെ ഇസ്‌ലാമിൽ പിൽകാലത്ത് ചിലർ കടത്തിക്കൂട്ടിയ നബിദിനാഘോഷം? എന്ത് തെളിവിന്റെടിസ്ഥാനത്തിലാണിവർ ഇങ്ങനെയൊക്കെ പറയുന്നത്? പൂർവ്വ സമുദായങ്ങളായ ജൂത-ക്രൈസ്ത്യാനികളോടുള്ള പിൻതുടർച്ചയല്ലാതെ മറ്റെന്താണിതിനു പിന്നിലുള്ള പ്രേരകം? ചിന്തിച്ചു നോക്കിയിട്ടുണ്ടോ?

മാത്രമല്ല, ഇസ്‌ലാം പഠിപ്പിച്ച രണ്ട് ആഘോഷ ദിവസങ്ങളിൽ (ഈദുൽ ഫിത്വറിലും ഈദുൽ അള്ഹയിലും) ചെയ്യേണ്ടുന്ന പ്രത്യേക ആരാധനകളെക്കുറിച്ചും അനുഷ്ഠാനങ്ങളെക്കുറിച്ചും വിശദമായിതന്നെ ഇസ്‌ലാം നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. പക്ഷെ, റബീഉൽ അവ്വലിൽ നബിദിന ദിവസം എന്തെങ്കിലും പ്രത്യേകമായ ആരാധനകളോ അനുഷ്ഠാനങ്ങളോ ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ടോ? സ്വഹാബികളോ താബിഉകളോ കാണിച്ചുതന്നിട്ടുണ്ടോ? പ്രാമാണികരും പൗരാണികരുമായ പണ്ഡിതന്മാരോ ഇമാമീങ്ങളോ പഠിപ്പിച്ചിട്ടുണ്ടോ? ഉത്തരം കാണേണ്ട പ്രധാന ചോദ്യമാണിത്...

▲